1075
4 20/2/16

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(എം.എസ്) നം.21/2016/സാ.നീ.വ. തീയതി, തിരുവനന്തപുരം 25.02.2016

---

പരാമർശം:-
1) 24.08.2015-ലെ സ.ഉ(എം.എസ്) നം.50/2015/സാ.നീ.വ. ഉത്തരവ്
2) 10.08.2015-ലെ സ.ഉ(സാധാ) നം.2469/2015/ത.സ്വ.ഭ.വ. ഉത്തരവ്
3) 30.09.2015, 23.12.2015 എന്നീ തീയതികളിലെ വികേന്ദ്രീകരണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം
4) 16.02.2016-ലെ സ.ഉ (സാധാ) നം. 636/2016/ത.സ്വ.ഭ.വ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടികളിൽ ജോലി ചെയ്തു വരുന്ന വർക്കർ, ഹെൽപർ എന്നിവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്ന ഹോണറേറിയം താഴെ പറയും പ്രകാരമാണ്.

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| അങ്കണവാടി വർക്കർ | 3000/- | 2600/- | 5600/- |
| അങ്കണവാടി ഹെൽപർ | 1500/- | 2600/- | 4100/- |

2)പരാമർശം (2) പ്രകാരം വർക്കർ / ഹെൽപർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന പ്രതിമാസ ഹോണറേറിയം 100/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3)വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) പ്രകാരമുള്ള യോഗങ്ങളിൽ അങ്കണവാടി വർക്കർമാർക്ക് നല്കുന്ന ഹോണറേറിയം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപർമാർക്ക് നല്കുന്ന ഹോണറേറിയം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിരുന്നു. വർദ്ധിപ്പിച്ച നല്കേണ്ട മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നല്കാൻ 10.02.2016-ലെ വികേന്ദ്രീകരണ സംസ്ഥാനതല കോ-ഒർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിനാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നല്കണമെന്ന വ്യവസ്ഥയോടു കൂടി അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് അനുവാദം നൽകി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വർധനവിന് 01.04.2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

4)പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരാമർശം(4)ലെ ഉത്തരവിന്റെ വെളിച്ചത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം 01.04.2016 പ്രാബല്യത്തിൽ യഥാക്രമം 10,000/- രൂപയും 7,000/-രൂപയുമാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ